# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 672 28.09.2011-ൽ മറുപടിയ്ക്ക്

## കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി: | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) ശ്രവണവൈകല്യമുള്ള കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയ്ക്കായി തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; | (എ) ശ്രവണവൈകല്യമുള്ള കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയ്ക്കായുള്ള ചെലവ് വഹിക്കുന്നതിനുള്ള പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ശ്രവണ വൈകല്യമുള്ള കുട്ടികളുടെ കോക്ലിയർ ഇംപ്ലാന്റേഷൻ ചികിത്സയ്ക്കായി 5 ലക്ഷം രൂപ നൽകുവാനുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ചുള്ള വിശദാംശങ്ങൾ സർക്കാർ സജീവമായി പരിഗണിച്ചുവരികയാണ്. |
| (ബി) പ്രസ്തുത ചികിത്സ കേരളത്തിൽ ഏതെല്ലാം ആശുപത്രികളിൽ നടത്തി വരുന്നു; ചികിത്സയ്ക്ക് ചെലവാകുന്ന ഉദ്ദേശ തുക എത്രയാണ്; | (ബി) തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഈ ചികിത്സ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) പദ്ധതിയുടെ ഗുണഭോക്താവ് ആകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്? | (സി) പദ്ധതിയുടെ വിശദാംശങ്ങൾ സംബന്ധിച്ച അന്തിമ തീരുമാനം ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ